സർവ്വേ സബ്ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീസർവ്വേ സൂപ്രണ്ടുമാർക്കുകൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.-ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും പരിഹരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) താലൂക്ക് തലത്തിൽ നടപടി ശേഷിക്കുന്ന എല്ലാ പരാതികളും അദാലത്ത് മുഖേന തീർപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

റവന്യൂ സർവ്വേ അദാലത്തുകൾ

174 (1217) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. എ. വാഹിദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം തരത്തിലുള്ള പരാതികളാണ് അദാലത്തുകളിൽ പരിഗണിക്കുന്നത് ;

(ഡി) അദാലത്തുകളുടെ നിയന്ത്രണം ആരുടെ മേൽനോട്ടത്തിലാണ് നടക്കുന്നത് ?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

(ബി) റവന്യൂ-സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുള്ളതും 1-11-2014 മുതൽ 20-12-2014 വരെയും ലഭിച്ചതായ ഫയലുകളും, സമയ ബന്ധിതമായി തീർപ്പാക്കിയും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ പൊതു ജനങ്ങളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എൽ.ആർ.എം. പരാതികൾ, CMDRF, NFBS, പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, KLU, പ്രകൃതിക്ഷോഭം എന്നീ വിഭാഗങ്ങളിലെ പരാതികളാണ് അദാലത്തിൽ പരിഗണിക്കുന്നത്.

(ഡി) ജനങ്ങളുടെ പരാതികൾ അതിവേഗം പരിഹരിക്കുന്നതിനായി റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലാണ് 14 ജില്ലകളിലും റവന്യൂ അദാലത്തുകൾ നടത്തിയിട്ടുള്ളത്.

ലാന്റ് ബാങ്കിന്റെ പ്രവർത്തനം

175 (1218) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാന്റ് ബാങ്കിന്റെ പ്രവർത്തനം എന്തെല്ലാമാണ്; പുറംപോക്ക് ഭൂമിയുടെ വിശദാംശങ്ങൾ ശേഖരിക്കാറുണ്ടോ ; തിരുവനന്തപുരം താലൂക്കിൽ തിരുവനന്തപുരം നഗരസഭാ അതിർത്തിയിൽ ലാന്റ് ബാങ്കിൽ ഉൾപ്പെട്ട റവന്യൂ ഭൂമി സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഏതെല്ലാം വില്ലേജുകളിൽപ്പെട്ട ഏതെല്ലാം സർവ്വേ നമ്പറുകളിലായി എത്ര ഏക്കർ ഭൂമി വീതം സർക്കാരിന്റേതായിട്ടുണ്ട്;

(സി) സർക്കാർ പാട്ടത്തിൽ കൊടുത്ത ഭൂമി ഏതെല്ലാമാണ്, ആർക്കെല്ലാം പാട്ടത്തിനു നൽകിയിട്ടുണ്ട്; പാട്ടക്കരം കുടിശ്ശിക വരുത്തിയവർ ആരൊക്കെ ;

(ഡി) തിരുവനന്തപുരം താലൂക്കിലെ ഏതെല്ലാം ഭൂമിക്ക് പാട്ടത്തിന് ലഭിക്കാൻ ആരിൽ നിന്നെല്ലാം അപേക്ഷ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ഭൂമിയുടെ വിവരങ്ങൾ ശേഖരിക്കുകയും ആയത് സംരക്ഷിക്കുകയും ചെയ്യുക. കൂടാതെ ടി ഭൂമിയിന്മേലുള്ള ആദായം വർദ്ധിപ്പിക്കുക, വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമാക്കുക, അർഹരായവർക്ക് ഭൂമി പതിച്ചുനൽകുക എന്നിവയാണ് ലാന്റ് ബാങ്കിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. പുറമ്പോക്ക് ഭൂമിയുടെ വിശദാംശങ്ങൾ ശേഖരിക്കാറുണ്ട്. തിരുവനന്തപുരം നഗരസഭാ പരിധിയിൽപ്പെട്ട വില്ലേജുകളിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള 554 കേസ്സുകളിൽപ്പെട്ട 543.3558 ഹെക്ടർ സർക്കാർ ഭൂമി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly